**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- മലപ്പുറം ജില്ല-മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്-2012-13, 2013-2014 വർഷങ്ങളിലെ സ്ത്രീശാക്തീകരണ പദ്ധതികളിലെ ക്രമക്കേട് -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.വി.എം.ദിലീപ് കുമാറിനെതിരെയുള്ള അച്ചടക്ക നടപടി-ഗ്രാമവികസന വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.കെ.എസ്.അജയകുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം. 789 /2018 /തസ്വഭവ, തിരുവനന്തപുരം, തീയതി: 24.3.2018

---

പരാമർശം : 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.3..2016 തീയതിയിലെ ഇ 10 (VE..2/15./MPM)5325/2015 നമ്പർ കത്തും പരിശോധനാ റിപ്പോർട്ടും.

2. വി.എം.ദിലീപ് കുമാർ സർക്കാരിൽ നിന്നും നൽകിയ 4.4.2017 തീയതിയിലെ ഇ.ആർ.ബി1/44/2016/തസ്വഭവ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.

3. 01.6.2017 തീയതിയിൽ .ശ്രീ.വി.എം.ദിലീപ് കുമാർ ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പ്രതിവാദപത്രിക.

4.ഗ്രാമവികസന കമ്മീഷണറുടെ 30.12.2017 തീയതിയിലെ 6138/ എസ്റ്റാഎ 3/2017/ സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ 2012-13, 2013-2014 വർഷങ്ങളിലെ സ്ത്രീ-ശാക്തീകരണ പദ്ധതികളുടെ നടത്തിപ്പിൽ ക്രമക്കേടുകൾ കണ്ടെത്തുകയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ശ്രീ.വി.എം.ദിലീപ്കുമാറിനെതിരെ വകുപ്പ തല നടപടിയെടുക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയും ചെയ്തു. ശ്രീ.വി.എം.ദിലീപ്കുമാറിന് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. പരാമർശം (3)പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചു. പ്രതിവാദ പത്രികയിൽ ടിയാൻ ആരോപണങ്ങൾ നിഷേധിച്ചു. പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു.

ശ്രീ. വി.എം.ദിലീപ് കുമാറിനെതിരെ 1960 ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.കെ.എസ്.അജയകുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ എസ്. ആർ
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.കെ.എസ്.അജയകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം, (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ